The question was put and the resolution was declared lost.

MR. ITTOOP ITTEECHAN (*Kunnatnad*) : പോഠം എടുക്കണമെന്നു ആവശ്യപ്പെട്ടു.

A poll was taken with the following result :

AYES—18.

1. Mr. A. S. Damodaran Asan	10. Mr. Matthew Murikkan
2. ,, A. G. Menon	11. ,, G. P. Nilakanta Pillai
3. ,, Ittoop Itteechan	12. ,, K. P. Nilakanta Pillai
4. ,, R. Kesava Pillai	13. ,, V. J. Oommen
5. ,, N. K. Krishna Pillai	14. ,, Muruvelil Pachu Pillai
6. ,, V. S. Krishna Pillai	15. ,, K. Padmanabha Panikkar
7. ,, Tariatu Kunjitomman	16. ,, K. G. Paramesvaran Pillai
8. ,, A. C. Kuriakose	17. ,, R. Raman Pillai
9. ,, K. Madhavan Pillai	18. ,, A. Thanu Pillai

NOES—22.

1. ,, D. Francis	12. Mr. P. Gomatinayakam Pillai
2. ,, D. C. Joseph	13. ,, P. N. Krishna Pillai
3. ,, Tamarapallil Kochu-tomman	14. Rao Sahib Dr. N. Kunjan Pillai
4. Rao Bahadur K. A. Krishna Aiyangar	15. ,, Kayalam Paramesvaran Pillai
5. Mr. L. A. Lampard	16. Dr. K. Raman Tampi
6. ,, S. Piraviperumal Pillai	17. Mr. K. N. Ramasubba Aiyar
7. ,, Revati Nal Rama Varma Raja	18 ,, T. P. Ramasubba Aiyar
8. ,, L. A. Bishop	19. Rao Bahadur K. V. Rangaswa-mi Aiyangar
9. ,, I. C. Chacko	20. Mr. S. C. H. Robinson
10. ,, R. Dhanukoti Pillai	21. ,, R. Vaidyalingom Pillai
11. ,, K. George	22. ,, A. Vipan

NEUTRALS—3.

1. Mr. V. Chellam Pillai	3. Mr. N. R. Krishnan
2. ,, K. N. Kesavan Namputiripad	

The resolution was declared lost, 18 voting *for*, 22 *against* and 3 *neutral*.

PRESIDENT : The next resolution stands in the name of Mr. Tariatu Kunjitomman.

Resolution re disafforestation and Assignment of lands.

MR. TARIATU KUNJITOMMAN (*Muvattupuzaa* cum *Thodupuzha*): സർ, താഴെപ്രസ്താവിക്കുന്ന പ്രമേയത്തെ ഞാൻ ഈ കൌൺസിലിന്റെ പരിഗണനക്കായിസമർപ്പിക്കുകയാണു.

റിസർവിനകത്തുള്ളതും നിലമാക്കി പ്രതിവത്സരം നെൽകൃഷിചെയ്യാവുന്നതുമായ ഭൂമിയും തരുപ്പായിൽ കുറയാത്ത തറവിലുള്ള നിലമായി പരിഷ്കരിക്കാമെന്നും വൃക്ഷങ്ങളുണ്ടായിരുന്നാൽ ചട്ടപ്രകാരമുള്ള തടിവില കെട്ടിക്കൊള്ളാമെന്നും മൂന്നുവർഷത്തിനുള്ളിൽ നിലമാക്കി കൃഷിചെയ്തുപക്ഷം തറവിലയും തടിവിലയും മടക്കിത്തരാതെ ഗവണ്മെന്റിൽ നിന്നും സ്ഥലം തിരികെ എടുക്കുന്നതു് സമ്മതമാണെന്നും കാണിച്ചു അതേ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിക്കുന്ന തിരുവിതാംകൂർ പ്രജകളായ ഓരോ അപേക്ഷകന്മാർക്കും അവരുടെ അപേക്ഷയിൽപ്പെട്ടതും പരിഗണിക്കേണ്ടതുമായ സ്ഥലങ്ങൾ റിസർവ്വിൽ നിന്നു വിടുവിച്ചു നീലമായി പതിച്ചുകൊടുക്കണമെന്ന് ഈ യോഗം ഗവൺമെൻറിനോടു ശുപാർശചെയ്യുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, I rise to a point of order. I think that the resolution strictly construed goes against a decision that has already been arrived at by this House. From the printed resolution it is seen that one of the essential portions of the resolution is that lands should be assigned only to Travancoreans which necessarily implies that lands cannot be granted to foreigners. This House has already decided against such a principle. Now, if this resolution is moved as it stands, we will again be discussing the very same question, namely whether lands should be assigned to foreigners or not. It seems to me therefore that the resolution, as it is, is out of order. But if Mr. Kunjitomman alters his resolution by omitting the words "provided that they are Travancoreans and", the resolution will be in order.

PRESIDENT: Will you cut out that portion "provided that thay are Travancoreans and"?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): 'ട്രാവൻകൂറിയൻസ്' എന്നു പറയുന്നതുകൊണ്ടു മറുള്ളവക്കു കൊടുക്കാൻ പാടില്ലെന്നു അർത്ഥമില്ല. മറുള്ളവക്കു കൊടുക്കാൻ പാടില്ലെന്നു അർത്ഥമുണ്ടെങ്കിൽ, അതു പിൻവലിക്കണമെങ്കിൽ ആ ഭാഗം ഞാൻ പിൻവലിക്കുന്നു.

ഈ പ്രമേയം ഇവിടെഅവതരിപ്പിക്കുന്നതിനുള്ളകാരണങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്കു വേണ്ട ആഹാരസാധനങ്ങൾ ഇവിടെ തീരെ മതിയാകാതെവരികയും, വിദേശങ്ങളിൽനിന്നും പ്രതിവത്സരം ഇവിടെ നെല്ലും അരിയും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയും, അങ്ങിനെ നമ്മുടെ നാട്ടിലെ പണം അനവധി ഈ വകയ്ക്കായി പുറത്തുപോകയും ചെയ്യുന്നതിനു പരിഹാരം ഉണ്ടാക്കണമെന്നും, തൊഴിലും ഉപജീവനത്തിനു വകയുമില്ലാത്തവക്കു അവയുണ്ടാകുവാൻ സൌകര്യം കൊടുക്കണമെന്നും, യുദ്ധം മുതലായ ഏതെങ്കിലും കാരണവശാൽ വിദേശങ്ങളിൽനിന്നും ആഹാരസാധനങ്ങൾ ഇവിടെ വരാൻ പ്രയാസമായി വന്നാലും ക്ഷാമം ബാധിക്കാതെ ഈ രാജ്യത്തെ ആവശ്യത്തിനുള്ള ആഹാരസാധനങ്ങൾ ഇവിടെതന്നെ നിവർത്തിയുള്ളിടത്തോളം വിളയിക്കുന്നതിനു ഈ രാജ്യനിവാസികൾക്കു കഴിവുണ്ടാക്കണമെന്നും ഉള്ളവയാണ്. ഈ നാട്ടിലെ റിസർവിനകത്തു ഉദ്ദേശം അമ്പതിനായിരമോ ലക്ഷമോ ഏക്കർ സ്ഥലം നിലമാക്കി മുൻകാലങ്ങളിൽ കൃഷിചെയ്തിട്ടുള്ളവയും ഇനിയും കൃഷിചെയ്യുന്നതിനു വേണ്ട സകല സൌകര്യങ്ങളുമുള്ളവയും ആയി കിടപ്പുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. ഞാൻ പ്രാതിനിധ്യം വഹിക്കുന്ന താലൂക്കുകളി

LIBRARY ARCHIVES Kerala Legislative Assembly

ൽതന്നെ ഏകദേശം ൨ ൦ ൦ ൦ -മോ ൫ ൦ ൦ ൦ –മോ ഏക്കർ സ്ഥലം വീ
തം നെൽകൃഷിക്കുപയോഗമുള്ളതും മുൻ കാലങ്ങളിൽ നെൽകൃഷി ചെയ്തു
വന്നതുമായി കിടപ്പുണ്ട്. ഇങ്ങിനെയുള്ള സ്ഥലങ്ങളം റിസവ്വിൽനിന്നു
വിടുത്തി കൃഷിക്കു കൊടുക്കണമെന്നു കൌൺസിലിലും പ്രജാസഭയിലും
ഞാനും മറ്റു മെംബർമാരും ഇതിനുമുമ്പും പലതവണ പ്രസ്താവിച്ചിട്ടുള്ള
താണ്. അതിന്റെ ഫലമായിട്ടാണ് സ്വാമ്പി ഏരിയാകമ്മറി ചി
ല താലൂക്കുകളിൽ ഏർപ്പെടുത്തിയതു്. എന്നാൽ അതിലേക്കുള്ള മെ
മ്പർമാരെ സ്ഥലം തഹശീൽദാരന്മാർ റെക്കമെൻറു ചെയ്തതനുസരിച്ചു
ഗവണ്മെൻറുതന്നെ നിയമിക്കയാണ് ചെയ്തത്. കമ്മിറ്റിയിൽ അധി
കവും ഉദ്യോഗസ്ഥന്മാരായിരുന്നു. അനുദ്യോഗസ്ഥന്മാരായി ഗവണ്മെ
ൻറു എടുത്തവരിൽ പലരും കൃഷി പരിചയമോ റിസവ്വിനെപ്പറ്റി
അറിവോ ഉള്ളവരായിരുന്നില്ല. കമ്മിറ്റി ഏതാനും ചില റിസർവ്വു
കളിൽപോയി ഫാറസ്റ്റ്കാർ കാട്ടിയ ചില ചതുപ്പു നിലങ്ങളം
കണ്ടിട്ടുണ്ടെന്നല്ലാതെ നെൽകൃഷിക്കുപയുക്തമായ സ്ഥലങ്ങളം അധിക
വും തന്നെകണ്ടിട്ടില്ല. അനുദ്യോഗസ്ഥ മെമ്പറന്മാർക്കു ഫാറസ്റ്റിലേയും
താലൂക്കിലേയും ഉദ്യോഗസ്ഥമെമ്പർ തീച്ചപ്പെടുത്തുന്ന സ്ഥലങ്ങളെ സന്ദ
ർശിക്കുന്നതിനുമാത്രമേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഇതിനു ഞാൻതന്നെ
അനുഭവസ്ഥനാണ്. ഞാനും മൂവാറ്റുപുഴയിലെ കമ്മിറ്റിയിൽ ഒരനുദ്യോ
ഗസ്ഥസാമാജികനായിരുന്നു. എന്നെക്കൂടാതെ രണ്ടു വക്കീലന്മാരും ഒരു
ഫാറസ്റ്റു കൺട്രാക്റ്ററും അനുദ്യോഗസ്ഥന്മാരായുണ്ടായിരുന്നു. ഡി
വിഷൻ ഫാറസ്റ്റാഫീസറും ഉദ്യോഗസ്ഥമെംബർമാരിലൊരാളായിരുന്നു.
എനിക്കറിവുള്ള പല സ്ഥലങ്ങളും പോയി നോക്കുന്നതിനു നിവൃത്തിഉ
ണ്ടായില്ല. പല സ്ഥലങ്ങളുടേയും പേരുപറഞ്ഞാവശ്യപ്പെട്ടിട്ടും ഉദ്യോഗ
സ്ഥമെംബറന്മാർ അതൊന്നും നോക്കാൻ സമ്മതിച്ചില്ല. എന്റെ നി
ബ്ബന്ധംകൊണ്ടു ചുരുക്കം ചില സ്ഥലങ്ങൾ പോയി നോക്കുകയും ആ സ്ഥ
ലങ്ങളെ പതിച്ചുകൊടുക്കണമെന്നു ശുപാർശചെയ്യുകയും ചെയ്തു. എന്നാൽ
ഉദ്യോഗസ്ഥമെംബർമാർ അതിൽ അധികം ഭാഗത്തോടും യോജിച്ചില്ലെ
ന്നു മാത്രമല്ല അവർ സമ്മതിച്ചതിലും വളരെ ചുരുങ്ങിയ ഒരംശം മാത്രമേ
പതിച്ചുകൊടുക്കാൻ ഇപ്പോൾ ഗവർമെൻറു അനുവദിച്ചിട്ടുമൊള്ളൂ. അ
തുകഴിഞ്ഞിട്ടു നാലുവർഷമായെങ്കിലും ഒരു സെൻറുപോലും പതിച്ചുകൊടു
ത്തിട്ടുമില്ല. ഇതുപോലെയാണ് മിക്കതാലൂക്കുകളിലേയും സ്ഥിതി. സ്വാ
മ്പി ഏരിയാകമ്മിറ്റികൊണ്ടു ശ്രീയായ ഫലമൊന്നും ജനങ്ങൾക്കുണ്ടാ
യിട്ടില്ല. ഫാറസ്റ്റുകാർ റിസവ്വിലുള്ളസ്ഥലം വിടുന്നതിൽ വിരോധ
കളാണ്. നിലങ്ങളായി കൃഷിചെയ്തുവന്നവയും കൃഷിക്കു ഏറ്റവും വ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ശേഷവുമായ സ്ഥലങ്ങളും നെൽകൃഷിക്കു പറ്റിയവയല്ലെന്നു അവർ തക്കിച്ചുകൊണ്ടിരിക്കും. അങ്ങനെ അല്ല ആ നിലങ്ങളെ വെളിക്കുകൊണ്ടുവന്ന മറ്റുള്ളവരെ കാണിച്ചു മനസിലാക്കുവാൻ നിവൃത്തിയില്ലല്ലൊ. ഈ സ്ഥിതിക്കു എങ്ങനെ ഗവണ്മെൻറിനെ വിശ്വസിപ്പിച്ചു പ്രസ്തുത സ്ഥലങ്ങളെ കൃഷിക്കായി റിസർവ്വിൽനിന്നു വിടുത്തും? അതിനു മാർഗ്ഗംഒന്നേ ഒള്ളൂ. ഇന്നസ്ഥലം ഞാൻ നിലമായിട്ടു കൃഷിചെയ്യുകൊള്ളാം. നിലത്തിനുള്ള കരം തന്നുകൊള്ളാം. നല്ലതറവില തരാം. ക്ലിപ്തകാലത്തിനകം നെൽകൃഷിചെയ്തില്ലെങ്കിൽ കൊടുത്തപണം തിരിയെ തരാതെതന്നെ വസ്തു തിരിയെ ഗവണ്മെൻറു എടുക്കുന്നതു സമ്മതമാണു; എന്നു അപേക്ഷിക്കുന്നവർക്കു പതിച്ചുകൊടുക്കണം. ഇതുമാത്രമേ ഒരു മാർഗ്ഗമായിട്ടൊള്ളൂ. ഇങ്ങനെ വരുന്ന അപേക്ഷകന്മാർക്കെങ്കിലും നെൽകൃഷിചെയ്യാവുന്ന സ്ഥലങ്ങളെ പതിച്ചു കൊടുത്തു പ്രോത്സാഹിപ്പിച്ചു ഈ രാജ്യത്തെ നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ എന്തു ദോഷമാണുള്ളത്? റിസർവ്വിനകത്തുള്ള ഭൂമി ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറുകാരുടെ പൂർണ്ണ സമ്മതത്തോടുകൂടി പതിച്ചുകൊടുത്തു കൃഷിചെയ്യിക്കാൻ ഗവണ്മെൻറിനു സാധിക്കയില്ല. അവരോടു ചോദിച്ചാൽ ഒന്നും നിലത്തിനു കൊള്ളുന്നതല്ലെന്നു പറഞ്ഞു നില്ക്കും. അല്ലെങ്കിൽ റിസർവ്വിനു പാടേ കേടുപിടിക്കുമെന്നു പറയും. ഇതിനു പ്രതിവിധിയായി എൻറെ പ്രമേയത്തിൽ പറയുന്നതു ക്ലിപ്തകാലത്തിനുള്ളിൽ കൃഷിചെയ്തില്ലെങ്കിൽ അതിൻറെ പ്രായശ്ചിത്തമായി ഭൂമി ഗവണ്മെൻറു തിരിച്ചു എടുത്തുകൊള്ളുന്നതു സമ്മതമാണെന്നാണു. പിന്നെ സ്ഥലം കൊടുക്കുന്നതിൽ എന്താണു സങ്കടം? ഫ ൦ ൦ രൂപയിൽ കുറയാത്ത തറവില തരുന്നതിനു സമ്മതമാണു. ഫ ൦ ഏക്കറിൽ കവിയാത്ത ഭൂമി തന്നാൽ മതി എന്നാണു ഓരോരുത്തരും അപേക്ഷിക്കുന്നതു. തറവില ഇനത്തിൽ തന്നെ ഗവണ്മെൻറിനു നല്ല ആദായം കിട്ടും. ആണ്ടുതോറും നികുതി ഇനത്തിലും ഒരു നല്ല തുക വന്നുകൊണ്ടിരിക്കയും ചെയ്യും. ആനം, കുന്തിരിക്കം, ഏലം, തടി മുതലായ എല്ലാഇനങ്ങളിൽനിന്നും ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിലേക്കു കിട്ടുന്ന മുതലെടുപ്പു ചിലവു കഴിച്ചു രണ്ടോ രണ്ടരയോ ലക്ഷം രൂപ മാത്രമൊള്ളൂ. രാജ്യത്തിൻറെ മൂന്നിലൊരുഭാഗം സ്ഥലത്തുനിന്നും രണ്ടോ രണ്ടരയോ ലക്ഷം മാത്രം. അതും കുടികളുടെ പുരയിടങ്ങളിലെ തേക്കുവൃക്ഷങ്ങളിൽ നിന്നുകിട്ടുന്ന തുകയാണു. അവ റിസർവ്വിനു പുറത്തുള്ളതാണല്ലോ? നെൽകൃഷിക്കു പറ്റുകയുമായ സ്ഥലങ്ങളെ ജനങ്ങൾക്കു പതിച്ചു കൊടുത്താൽ എത്രയോആയിരം രൂപാ ആ ഇനത്തിൽ ഗവണ്മെൻറിനു ലഭിക്കുമായിരുന്നു. ചതുപ്പുനിലങ്ങളെ പതിച്ചു കൊടുക്കുന്നതുകൊണ്ടു, കൃഷിവർദ്ധിച്ചു ജനങ്ങളുടെ കഷ്ടതയും, ദാരിദ്ര്യവും, തൊഴിലില്ലായ്മയും അത്രമാത്രം കുറയും.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ സ്നേഹിക്കുന്ന ജനങ്ങളോ ജനപ്രതിനിധികളൊ ഒന്നാമതായി നോക്കേണ്ടതു ആഹാരസാധനങ്ങളെ ഇവിടെ വേണ്ടിടത്തോളം വിളയിക്കാനാണെല്ലൊ. അതിലേക്കു പ്രധാനമായി വേണ്ടത് കൃഷിസ്ഥലങ്ങളെ വർദ്ധിപ്പിക്കുകയാകുന്നു. റിസർവ്വിനകത്തുള്ള നിലങ്ങളും മുൻകാലത്തു കൃഷിചെയ്യപ്പെട്ടവയായിരുന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളും ഉണ്ട്. മുൻകാലങ്ങളിൽ അവിടെ ജനാധിവാസം ഉണ്ടായിരുന്നതിന്റെ ലക്ഷ്യങ്ങളായി പല ക്ഷേത്രങ്ങളുടേയും ഗ്രാമങ്ങളുടേയും അവശിഷ്ടങ്ങളും നിലങ്ങളുടെ സമീപം ഇന്നും കാണുന്നുണ്ട്. കിണറുകളും ഇടിഞ്ഞുവീണു കിടക്കുന്ന കയ്യാലകളും ധാരാളം ഉണ്ട്. ഈ സ്ഥലങ്ങളെല്ലാം പണ്ടു കൃഷിചെയ്തുവന്നിരുന്നു എന്നതിനു ഇതിലധികമെന്തു ലക്ഷ്യമാണുവേണ്ടതു? എന്തോ കാരണവശാൽ ജനങ്ങൾ ഉപേക്ഷിച്ചു പോയിരിക്കണം. അങ്ങനെയുള്ള സ്ഥലങ്ങളെയാണു് ജനസംഖ്യ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു നിലമാക്കുന്നതിനു പതിച്ചുകൊടുക്കണമെന്നുഞാൻ അവശ്യപ്പെടുന്നത്. ജനസംഖ്യ വർദ്ധിച്ചു ഉപജീവന മാർഗ്ഗമില്ലാതെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു് ഈ സ്ഥലങ്ങളെ റിസർവ്വിൽനിന്നും ഒഴിപ്പിച്ചു പതിച്ചുകൊടുക്കുന്നതിനു ഡിപ്പാർട്ടുമെൻറു വൈമനസ്യം പ്രദർശിപ്പിക്കുന്നത് ഏറ്റവും പരിതാപകരമായ ഒരവസ്ഥയാകുന്നു. ജനങ്ങൾക്കുവേണ്ടിറിസർവ്വിനും റിസർവ്വിനുവേണ്ടി ജനങ്ങളല്ലെന്നും പ്രത്യേകം പറയണമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഇങ്ങനെയുള്ള സ്ഥലത്തിന്റെ പേരുപറയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പലതും പറയാം. കാക്കാട്ടേരി കളമ്പു, ചെവിത്താൻ മുക്കു കണ്ടം, ഇതുതന്നെ ൪൦൦ ഏക്കർ സ്ഥലത്തോളം ഉണ്ട്. ചേമ്പിലകണ്ടം, കാടിക്കണ്ടം, മന്നാക്കണ്ടം, കൈതാട്ടുകണ്ടം ഇങ്ങിനെ പലതും പറയാം. കണ്ടം എന്നുകുടിയാണു് ഇവയിൽ പലതിന്റെയും പേരു ഇപ്പോഴും വിളിക്കുന്നതു. ഇങ്ങനെ അനേകം സ്ഥലങ്ങൾ എന്റെ കാൺസ്റ്റിറുവൻസിയിൽ തന്നെയുണ്ട്. അവയിൽ പലതും സ്വാമ്പി ഏരിയാകമ്മിറിക്കാർ കണ്ടിട്ടേയില്ല. ചിലതു റിപ്പോർട്ടിൽ കൊള്ളിച്ചിട്ടുള്ളവ പതിച്ചുകൊടുക്കാൻ ഫാറസ്റ്റുകാർ സമ്മതിച്ചിട്ടുമില്ല. ആറേഴു ദിവസം വനത്തിലെ പൂഴ കടിച്ചു ചോരയും ഒലിച്ചു കാലുകളോടെ പല സ്ഥലങ്ങളും ഞാൻ കമ്മറിക്കാരുമായി നടന്നു കാണിച്ചു. എന്നാൽ ജനങ്ങൾക്കു ഒരു പ്രയോജനവുമിതുകൊണ്ടുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

സർ, രാജ്യത്തിന്റെ നന്മയേയും, ജനങ്ങളുടെ ക്ഷേമത്തേയും ഗവണ്മെന്റിന്റെ ആദായത്തേയും ഉദ്ദേശിച്ചിട്ടുള്ള ഒരു പ്രമേയമാണ് ഇതു്. ഈപ്രമേയത്തെ എല്ലാവരുംപൂർണ്ണമായിഅനുകൂലിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ടു്. എന്തെന്നാൽ രാജ്യത്തിന്റെ ഭാവിശ്രേയസ്സിനെ കാംക്ഷിക്കുന്നജനപ്രതിനിധികളം കൃഷിമാത്രമാണ് ഇവിടത്തെ പ്രായോഗികമായ ഏകതൊഴിലെന്നും ജനങ്ങൾം അതിലേക്കു വേണ്ട സ്ഥലങ്ങൾം കിട്ടുന്നതിനു പ്രതീക്ഷിച്ചിരിക്കയാണെന്നും മനസ്സിലാക്കീട്ടുണ്ടു്. വിദ്വാന്മാരായ തൊഴിലില്ലാക്കമ്മിറ്റിക്കാർ നമ്മുടെ യുവാക്കന്മാക്കു സ്ഥലം കൊടുത്തു കൃഷി ചെയ്യിക്കുവാൻ ഉപദേശിക്കുന്നു. ഈരാജ്യത്തു കച്ചവടവും വ്യവസായവും ഇപ്പോൾം അഭിവൃദ്ധിപ്പെടാൻ നിവൃത്തിയില്ലെന്നു ഇതിനു മുമ്പു ഇവിടെ ഞാൻ ഒരു പ്രമേയം ഹാജരാക്കിയ അവസരത്തിൽ കാരണസഹിതം വിവരിച്ചിട്ടുണ്ടു്. അതിനെ ആവർത്തിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എല്ലാ പൌരന്മാരുടേയും പൌരപ്രതിനിധികളുടെയും, ഭരണാധികാരികളുടെയും ശ്രദ്ധക്കു പ്രത്യേകം വിഷയമാകേണ്ടകാര്യം നമ്മുടെ രാജ്യത്തെ ജനങ്ങളുടെഉപജീവനമാർഗ്ഗത്തെ സംബന്ധിച്ചതാണ്. പുറത്തുനിന്നു വരുന്ന സാമാനങ്ങൾക്കു വലിയ നികുതിചുമത്തി നിയന്ത്രിക്കാതെ വ്യവസായത്തിനു ഉയർച്ചവരുത്താൻ നിവൃത്തിയില്ല. കച്ചവടത്തിനു ഇവിടെ കൃഷി വിളവുകൾം മാത്രമാകയാൽ കൃഷിവർദ്ധിക്കാതെ കച്ചവടവും ഉയർച്ചപ്രാപിക്കാൻ നിവൃത്തിയില്ല. പിന്നെയെന്താണ് ഉള്ളതു്? കൃഷി, കൃഷിമാത്രമാണ് വർദ്ധിച്ചുവരുന്ന ജനതതിയുടെ ഏകആശ്രയം. ജനങ്ങൾം ഏതു വിധത്തിൽ കാലക്ഷേപം കഴിക്കും? അവരുടെതൊഴിലെന്തു്? സ്ഥിതിയെന്തു? അഭിവൃദ്ധിപ്രാപിക്കുന്നോ ക്ഷയിക്കുന്നോ? കൃഷിക്കാരുടെ മേൽഗതിയെന്താണ്? ഈവ ഇവിടത്തെ ഭരണവിദഗ്ദ്ധന്മാർ ചിന്തിക്കുന്നുണ്ടോ? ഇവയെപ്പറ്റി ജനപ്രതിനിധികൾം പറയുന്ന അഭിപ്രായങ്ങളെ ഗവണ്മെന്റു ശ്രദ്ധിച്ചുമനസ്സിലാക്കുന്നുണ്ടോ? സഹകരിക്കുന്നുണ്ടോ? ഇവഗൌരവമുള്ള ചോദ്യങ്ങളായി ഗണിക്കണം.

വനശാസ്ത്രവിദഗ്ദ്ധനായ കർഷകന്മാരുടെ നിലയെപ്പറ്റി അനുഭവജ്ഞാനം അവരോളമില്ലെന്നു സമ്മതിക്കണം. കൃഷിക്കാരുടെ രക്ഷയെ ഉദ്ദേശിച്ചു അവരുടെ പ്രതിനിധികളായ ഞങ്ങളുടെ അഭിപ്രായങ്ങളെയാണ് ഗണിക്കേണ്ടതു്. ഭാവിയെപ്പറ്റി ചിന്തിക്കുമ്പോൾ ഏതൊരു രാജ്യാഭിമാനിക്കും വ്യസനം തോന്നും. ധർമ്മരാജ്യവാസികളുടെ ഭാവി വളരെ പരിതാപകരമായി തോന്നുന്നു. വിദ്യാഭ്യാസത്തിലും പരിഷ്കാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുമല്ല. പിന്നെയോ, തൊഴിലിലും ഐശ്വര്യത്തിലുമാണ് പരിതാപകരമായ നില ഈ രാജ്യത്തുവന്നു ചേർന്നുകൊണ്ടിരിക്കുന്നതു. ജനങ്ങൾ ഉപജീവനമാർഗ്ഗമില്ലാതെ ദാരിദ്ര്യത്തിൽ ആണ്ടു തുടങ്ങിയിരിക്കുന്നു റിസർവിനകത്തു കിടക്കുന്ന നെൽകൃഷിക്കുപയുക്തങ്ങളായ ഭൂമികളെ റിസർവിൽ നിന്നും വിടുത്തി നെൽകൃഷിക്കു കൊടുക്കുന്നപക്ഷം ഒരു വലിയപങ്കുജനങ്ങളെ കുറേക്കാലത്തേക്കു ദാരിദ്ര്യത്തിൽ നിന്നും രക്ഷിക്കാൻ കഴിയും. തൊഴിലില്ലായ്മ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ പ്രധാനമായിട്ടുള്ളതു ഇതാണെന്നു ഗവണ്മെന്റോക്കണം. അവരും വിദ്യാഭ്യാസമുള്ള ഉദ്യോഗസ്ഥന്മാരെപ്പോലെ രാജ്യത്തെ സ്നേഹിക്കുന്നവരുമാണെന്നു ഗവണ്മെൻറു വിചാരിക്കണം. ഇങ്ങിനെ പതിച്ചു കൊടുക്കുന്ന ഭൂമിയുടെ തറവിലകൊണ്ടു, ഇവിടെ പ്രായോഗികമാണെന്നു നല്ലവണ്ണം ബോദ്ധ്യപ്പെട്ടിട്ടുള്ള വല്ല വ്യവസായങ്ങളും ഗവണ്മെൻറു തന്നെ ചെയ്യുകാണിച്ചു ജനങ്ങളെക്കൊണ്ടു ചെയ്യിച്ചു വ്യവസായത്തിൽ വല്ല അഭിവൃദ്ധിയും വരുത്താമോ എന്നു പരീക്ഷിക്കണം. ഇങ്ങിനെ ചെയ്താൽ ജനങ്ങളുടെ ദാരിദ്ര്യം കുറയുകയും തൊഴിലില്ലാത്തവരുടെ തൊഴിലില്ലായ്മ നീങ്ങുകയും രാജ്യത്തിനു ശ്രേയസ്സുണ്ടാകയും ചെയ്യും. ഏകകാലത്തു ഗവണ്മെൻറിനു പണവും, ജനങ്ങൾക്കു തൊഴിലും ഉണ്ടാകുന്നതിനുള്ള ഒരു പ്രമേയമാണിതു്. ഇതിനെ ഈ കർഷകരാജ്യത്തെ സകലജനപ്രതിനിധികളും അനുകൂലിക്കുമെന്ന വിശ്വാസത്തോടെ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

MR. T. P. RAMASUBBA AIYAR (*Secretary to Government*): പത്തു ഏക്കർ വീതം ജനങ്ങളിൽ ഓരോ ആൾക്കും കൊടുക്കത്തക്കവണ്ണം ഈ വിടത്തെ റിസർവിൽ ഭൂമിയുണ്ടോ?

MR. TARIATU KUNJITOMMN (*Muvattupuzha cum Todupuzha*): എല്ലാവർക്കും കൊടുക്കേണ്ട. അപേക്ഷകന്മാർക്കുകൊടുത്താൽ മതി. അനേകം ആളുകൾ അപേക്ഷിച്ചാൽ മുമ്പെ മുമ്പെയുള്ള അപേക്ഷകന്മാർക്കു കൊടുക്കണം. അല്ലെങ്കിൽ ബാലട്ടു ഇട്ടുകിട്ടുന്നവർക്കു കൊടുത്താലും മതി. നെൽകൃഷിക്കുതകുന്നവ കൊടുത്താൽമതി. ഗവണ്മെൻറിനു നല്ല ആദായംകിട്ടണം. ജനങ്ങൾക്കു തൊഴിലുണ്ടാകയുംവേണം. ഇതാണ് എന്റെ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ കൃഷിക്കു പറ്റിയ ഭൂമി റിസർവിൽ ഇല്ലെന്നു പറഞ്ഞുകൊണ്ടിരിക്കയേയുള്ളൂ. നല്ലവിദ്വാനായ ഡാക്ടർ നിങ്ങൾമരിച്ചു പോയി എന്നു പറഞ്ഞാൽ അതിൽ ചിലർ, ഞങ്ങൾ മരിച്ചില്ല എന്നു വിളിച്ചു പറയുന്നപക്ഷം അവരെ സംസ്കരിക്കാതെ രക്ഷിക്കണ്ടേ? അതുപോലെ ഇന്ന സ്ഥലത്തു കൃഷിക്കുപയുക്തമായ ഭൂമിയുണ്ടു്. അതു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

നല്ലതറവിലക്കു പതിച്ചെടുത്തുകൊള്ളാം. ഒന്നായിട്ടു അധികംവേണ്ട. പത്തേക്കർമതി. മൂന്നുവഷ്ത്തിനകം കൃഷിചെയ്തില്ലെങ്കിൽ നഷ്ടപ്പെടുത്തി ഗവണ്മെൻറുഎടുത്തുകൊൾകെ. കൃഷിക്കുപറ്റിയതല്ലെങ്കിൽ ഞാൻനഷ്ടം സഹിച്ചു കൊള്ളാം. എന്നിങ്ങനെ അപേക്ഷിക്കുന്നവരുടെ അപേക്ഷ മാത്രം സ്വീകരിച്ചാൽമതി. ഇതിൽ എന്താണ് ദുഷ്യമുള്ളത്? നെടുനീളെ കോയമ്പത്തൂർ, മധുര, ഒരം ജില്ലകളുടെ അതൃത്തിവരെ നമ്മുടെ രാജ്യത്തിൻെറ വലിയ ഒരു ഭാഗം റിസവ്വായിട്ടു ഇട്ടു് ഇവിടത്തെ ജനങ്ങളെ പട്ടിണിക്കിട്ടാൽ അവരെവിടെ പോകും? എന്തുതിന്നും? നമുക്കു കാളനികൊകടിയേറിപാർപ്പാനില്ല. റിസവ്വിൽതന്നെ ചിലഭാഗങ്ങൾ ഒഴിച്ചു കൂടിപാത്തു കൃഷിചെയ്യുയേതരമുള്ളു. ജർമ്മനിമുതലായരാജ്യങ്ങളിൽ റിസവ്വിൽ ഇടയ്ക്കിടെ ഓരോ ഗ്രാമങ്ങൾ ഉണ്ടു്. ഒരുഗ്രാമവാസികൾക്കു ആവശ്യമുള്ളപച്ചിലവളം സമ്പാദിക്കുന്നതിനും കന്നുകാലിമേയ്ക്കുന്നതിനും അവക്കു പ്രകൃതിവിലാസംകണ്ടു ഉല്ലസിക്കുന്നതിനും മറും ഒരം റിസവ്വു് ഉപയോഗപ്പെടുന്നുണ്ടെന്നാണ് കേട്ടിട്ടുള്ളതു്. ഇവിടെ അങ്ങിനെയല്ല. കുന്നത്തുനാടു്, മൂവാറുപുഴ, തൊടുപുഴ, മീനച്ചിൽ, ചങ്ങനാശേരി, പത്തനാപുരം, നെടുമങ്ങാടു്, ഇരണിയൽ, മുതലായ താലൂക്കുകളിലെ ഗ്രാമങ്ങളുടെ അരികിൽനിന്നു റിസവ്വാരംഭിച്ചാൽപിന്നെനാല്പതോ അൻപതോ അറുപതോ മയിൽ ദൂരംവരെ മധുര, കോയമ്പത്തൂർ ഒരം ജില്ലകൾവരെ റിസവ്വാണു്. ഇടയ്ക്കു ഒറ്റയാൾപോലുമില്ല. റിസവ്വിനകത്തു പത്തോ പതിനഞ്ചോ മയിലിനപ്പുറത്തുള്ള തടികളെല്ലാം അവിടെതന്നെ നശിച്ചു പോകുന്നതല്ലാതെ പുറത്തുകൊണ്ടു വരുന്നേയില്ല. ഇടയ്ക്കിടയ്ക്കു ഗ്രാമങ്ങൾ ഉണ്ടായിരുന്നാൽ ഇവ അവക്കുപയോഗിക്കാമായിരുന്നു. ജനങ്ങളെകൊണ്ടു് റിസവ്വിനനാശമാണെന്നു ഫ്രാറസ്റ്റ്കാർ പറയുന്നതു കേട്ടാൽ ജനങ്ങളെ നശിപ്പിച്ചും റിസവ്വിനെ രക്ഷിക്കേണ്ടതാണെന്നു അവക്കഭിപ്രായമുള്ളതായി തോന്നിപ്പോകും. റിസവ്വ് മറുരാജ്യങ്ങളിലുമുണ്ടല്ലോ. അതു് ജനങ്ങൾക്കുപയോഗമില്ലാത്തവണ്ണമല്ല രക്ഷിക്കുന്നത്. റിസവ്വിനകത്തു കടന്നു മോഷ്ടിക്കുന്നവരെ പിടിച്ചു ശിക്ഷിക്കാൻ ഗാർഡുകളും പോലീസുകാരും ശരിയായിരുന്നാൽമതി. ഇതുയും പ്രസ്താപിച്ചുകൊണ്ടു ഒരം പ്രമേയത്തെ കൗൺസിലിൻെറപയ്യാലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇവിടെ ഹാജരാക്കീട്ടുള്ള പ്രമേയത്തോടു ഞാൻ യോജിച്ചുകൊള്ളുന്നു. നെൽക്കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ റിസവ്വിനകത്തുള്ളതിനെ ഒഴിപ്പിച്ചു പതിച്ചുകൊടുക്കണമെന്നാണല്ലൊ പ്രമേയം.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇവിടത്തെ പ്രജാസഭയിൽ ഉണ്ടായിരുന്ന മുറവിളിയുടെ ഫല മായി ദിവാൻ മിസ്റ്റർ കൃഷ്ണൻനായരുടെകാലത്തു ഒരു പ്രത്യേക അന്വേഷ ണംനടത്തി ൫൦൦ൻ ഏക്കർ സ്ഥലം റിസർവ്വിൽനിന്നും ഒഴിപ്പിച്ചു പതിച്ചുകൊടുത്തു. പിന്നീടു മിസ്റ്റർ രാഘവയ്യാ ദിവാൻജിയുടെ കാലത്തു പ്രത്യേകം ഒരു കമ്മിറ്റിയെ ഏർപ്പെടുത്തി. താലൂക്കുതോറും അന്വേഷ ണംനടത്തി. ൧൮൭൦-ൽ ചിലപ്രാനം ഏക്കർസ്ഥലം റിസർവ്വിൽനിന്നും വിടുത്തിയതായിട്ടാണ് എന്റെ അറിവു. അതു പത്തു താലൂക്കിലാ യിട്ടാണ്. അതായതു,

പീരുമേട്ടുതാലൂക്ക്	൧൫൦ ഏക്കർ
ചങ്ങനാശേരിതാലൂക്ക്	൭൬ ഏക്കർ
തൊടുപുഴതാലൂക്ക്	൭൪ ഏക്കർ
മുവാറ്റുപുഴതാലൂക്ക്	൧൪ ഏക്കർ
പത്തനംതിട്ടതാലൂക്ക്	൨൧ ഏക്കർ
കുന്നത്തൂർതാലൂക്ക്	൧൦ ഏക്കർ
പത്തനാപുരംതാലൂക്ക്	൧൯൦ ഏക്കർ

ആകെ ൨൭൪ ഏക്കർസ്ഥലം ഒഴിപ്പിച്ചിട്ടുണ്ടെങ്കിലും അതു മു ഴുവനും പതിച്ചുകൊടുത്തിട്ടില്ല. പതിച്ച സ്ഥലംതന്നെ കൃഷിചെയ്യാ തേയും കിടപ്പുണ്ട്. അതുകൊണ്ടു ഇതിലേയ്ക്കായൊരുകമ്മിറ്റിയെ ഏർപ്പെ ടുത്തി ക്രൂടുതൽസ്ഥലം കൃഷിക്കു പതിച്ചുകൊടുക്കേണ്ട ആവശ്യമുണ്ടോഎ ന്നന്വേഷിച്ചു വേണ്ടിവന്നാൽ പതിച്ചുകൊടുക്കയും ചെയ്യണം.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) പ്രമേയത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : അനുകൂലി ക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇപ്പോൾഉള്ള നാലായിരത്തിൽ ചിലപ്രാനം സ്ഥലം പതിച്ചുകൊടുക്കയും അതിൽ കൃഷിചെയ്കയും ചെയ്താൽ അതുകൊണ്ടു ദോഷമുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : പതിച്ചുകൊടു ത്തിട്ടു രണ്ടോ മൂന്നോ കൊല്ലം കൃഷിചെയ്യാത്തസ്ഥലങ്ങൾ ധാരാളമുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മുഴുവനും പതിച്ചുകൊടുത്തുകഴിഞ്ഞോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): പതിച്ചുകൊ ടുത്ത ഭൂമികൾ കൃഷിചെയ്യാതെ ധാരാളം കിടപ്പുണ്ട്

MR. ITTOOP ITTEECHAN (*Kunnatnad*): ഏതാനും ആളുകൾ കൃഷി ചെയ്തില്ലെങ്കിൽ ബാക്കിസ്ഥലം പതിച്ചു കൊടുക്കുന്നതുകൊണ്ടു വല്ല വിരോധവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : അതു യുക്തം പോലെ ആകാം.

MR. MURUVELIL PACHU PILLAI (*Shertallai*): മെമ്പർ ഈ പ്രമേയത്തെ പ്രതിക്ഷേപിയ്ക്കുന്നോ അനുകൂലിയ്ക്കുന്നോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അനുകൂലിക്കുയാണെന്നു മുമ്പേ പറഞ്ഞുകഴിഞ്ഞു.

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, I beg to move the following amendment to the resolution :

"(i) Substitute the words 'on payment of suitable taravila and' for the words 'on a taravila of not less than Rs. 100 and to pay the'."

(ii) Omit the words 'as also to the lands being taken back by the Government without returning the taravila and the tadivila in case they are not converted into wet lands and cultivated within three years'.

(iii) Substitute a full stop for the comma after 'trees' in line 8."

As for the first part of the amendment, Mr. Kunjitomman, in his resolution, seeks to fix a minimum taravila of Rs. 100 in all cases. I presume that while drafting the resolution Mr. Kunjitomman had some particular land of superior quality in view. Else he would not have stated in the resolution '*not less than Rs. 100*'. But we must remember that this resolution is intended to affect not only the plot of ground that Mr. Kunjitomman seems to have had in view but the whole of Travancore. Therefore, it is unjust, unfair and impolitic to fix the minimum taravila of 100 rupees. Hence the first part of my amendment. It is always safer to leave the question of taravila to be fixed by Government as per rules.

In regard to the second part of my amendment Mr. Kunjitomman seems to take away with the left hand by means of the second part of this resolution what he seeks to give by the right hand in the first part of the resolution. The benefit intended to be conveyed by the first part of the resolution is more than taken away by the latter part. Mr. Kunjitomman apparently has inserted a penal provision in his resolution. I may say that the penalty he has fixed is tantamount to confiscation of property which is the most severe form of punishment fixed for the gravest of offences, for example, sedition. My submission is that in such matters we must not provide for such severe penalties. On account of various circumstances that may not be within the control of the registry holder he may find it impossible to cultivate the land within the period of three years prescribed by Mr. Kunjitomman in his resolution. The registry holder may, for instance, be bedridden for years together on account of prolonged illness, or unforeseen domestic calamities may prevent him from working out the land within the prescribed period. Or again, in some cases, the land may happen to be very jungly tract not easily accessible to the people and so may take a longer time than three years for bringing it under cultivation, or its conversion may require so much money as the ordinary man cannot afford to find within the period prescribed. Therefore I think it would be safe to omit the penal provision in the resolution.

LIBRARY ARCHIVES Kerala Legislative Assembly

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : Suppose it is a case of an individual who has secured registry of the land for sale later on, leisurely, at a profit; and with this object the registered holder might have left the land uncultivated. I think it is to provide against such contingencies that Mr. Kunjitomman has fixed a period.

MR. N. K. KRISHNA PILLAI (*Neyyattinkara*) : That point is not clearly stated in the resolution. As I submitted the resolution is likely to do more harm than good. I hope Mr. Kunjitomman will accept my amendment, particularly because it is quite in keeping with the spirit of this resolution.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഞാൻ ഈ ഭേദഗതിയെ സ്വീകരിച്ചിരിക്കുന്നു.

PRESIDENT : I am afraid the amendment has not been seconded.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : I am afraid, Sir, that the amendment, so far as it affects the condition that the land should be cultivated within a specified period, is not an amendment within the scope of the proposition. As I understand, one of the essential implications of the resolution is that the land should be cultivated within three years. What Mr. Krishna Pillai wants is that that condition should be taken away so that the land may be left uncultivated for an indefinite period. That is really going against the scope of the resolution and therefore not an amendment.

MR. N. K. KRISHNA PILLAI (*Neyyattinkara*) : The mover has accepted the amendment.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : It is for the President to say whether such an amendment can be permitted to be moved or not. It is not a matter to be settled by the mover of the resolution accepting it.

MR. K. P. NILAKANTA PILLAI (*Chirayinkil*) : Did the mover of the amendment say that the registered holdings need not be cultivated for an indefinite period ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : That is what the amendment means practically.

MR. N. K. KRISHNA PILLAI (*Neyyattinkara*) : Sir, in view of the harm that might result to the public if the resolution is carried as it is, I think it is desirable to amend it as suggested by me.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : That makes my point clear. Mr. Kunjitomman's point is that the land must be cultivated within a specified period, and he has fixed it as three years. If Mr. Krishna Pillai suggests a longer period, say 5 or 6 years, on the ground that the period of three years is too short, then that may perhaps be in order. But in the present amendment, he wants to omit the penal condition altogether. That, I say, is against the scope of the resolution. So, the amendment as such is not in order.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Your point, Mr. Parameswaran Pillai, is that the amendment cuts at the root of the resolution and therefore is not, strictly speaking, an amendment. I think that view is correct.

MR. N. K. KRISHNA PILLAI (*Neyyattinkara*): In that case I am even willing to have the resolution as it is provided the period is fixed as six years.

PRESIDENT: Also, the amendment has not been seconded.

MR. N. K. KRISHNA PILLAI (*Neyyattinkara*): It was seconded by Mr. Kesava Pillai.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I seconded the amendment of Mr. Krishna Pillai.

PRESIDENT: I did not see you rise in your seat and second it.

MR. N. K. KRISHNA PILLAI (*Neyyattinkara*): I saw him seconding the amendment.

PRESIDENT: I am afraid when a member seconds a motion he must say so. It is now ten minutes nearly since the amendment was moved.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ആ ഭേദഗതിയും ഞാൻ സ്വീകരിച്ചിരിക്കുന്നു.

MR. T. P. RAMASUBBA AIYAR (*Secretary to Government*): Mr. Kunjitomman says that he accepts the further amendment.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): That is an amendment of which no notice has been given.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): But the President can allow it.

PRESIDENT: I am not prepared to exercise my discretion in favour of it.

MR. N. K. KRISHNA PILLAI (*Neyyattinkara*): Then, I beg to withdraw my amendment.

PRESIDENT: I must make a little more clear what I said this morning. The two members, who are to be elected to represent Kudiyans' interests in the conference, may be either gentlemen who are members of this Council or from outside the Council.

We now adjourn and meet again at quarter to three.

The Council adjourned for lunch at 1·54 P. M. and reassembled at 2·50 P. M. with the Deputy President in the Chair.

DEPUTY PRESIDENT: We will now proceed with further discussion on Mr. Kunjitomman's resolution.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, I rise to support the resolution moved by Mr. Kunjitomman. I need not dwell at length in what way the improvement of agriculture is likely to develop the economic resources of the State and I need not say how paddy cultivation is important. These are matters on which stress has been laid in this Council on all possible occasions and the

LIBRARY ARCHIVES Kerala Legislative Assembly

only question is, what are the means by which we can develop the cultivation of paddy in the land. The resolution moved by me yesterday was one of the ways by which intensive cultivation of paddy could be carried on and this is the method by which it could be more extensively cultivated. Therefore I think, that this is only supplementing the other. Mr. Kunjitomman has been very careful in the wording of this resolution and I am glad my friend Mr. N. K. Krishna Pillai had to withdraw his amendment. Mr. Kunjitomman says that all available lands which could be made useful for paddy cultivation must be thrown open for cultivation to the people. I admit that the resources of this State must be conserved for the benefit of the country, but they must be conserved and made beneficial to the State. There is no meaning in keeping them locked up in inaccessible forests. They must be made useful for the people at large and for that Mr. Kunjitomman says that a person should not be given more than 10 acres of lands and I am sure when Mr. Kunjitomman has moved this resolution there is no reason and there was no justification why he should have been accused of restricting the rights of foreigners to five acres of lands. In the face of this fact, when many wealthy people, many rich companies have acquired large areas of lands in the forests of Travancore and have left them uncultivated, it is but proper to see that if the land is left idle the owner should give back the land and such lands, what Mr. Kunjitomman says is, should not be registered for an amount less than Rs. 100 per acre. Sir, no resolution could be more beneficial to the country. He says that no opportunity should be given to any subordinate official to register these lands at a nominal price and so this is a resolution which give immense benefit to the people and to the State at large. It is but reasonable that this resolution is accepted by the Government without any modification. With these words I support the resolution before the House.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): I support the resolution brought forward by Mr. Kunjitomman. The object o the resolution as it is is the opening of marshy areas inside the reserve: not only that, in course of time, people will be compelled to have even dry lands also for the benefit of the cultivation of paddy. From Mr. Kunjitomman's speech we are supplied with valuable information that there are ever so many temples, remains of ever so many villages and cultivable paddy fields within the reserve. My friend should understand, that the survey and the reserve boundary came only yesterday. Formerly, even during pre-historic days and even after that, when there were in-roads from the east coast to Travancore, people for their safety, even Rajas and Maha Rajas, went and lived near the mountains just for shelter.

Secondly, so far as South Travancore is concerned, before the conquest of North Travancore by South the population was increasing. As such, they had not sufficient areas for immigration. Accordingly they went into the interior of the forest and cultivated the fields there.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: According to South Travancore this is the view. Converse will be the view of North Travancoreans.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): It is only an information.

Afterwards they had ample opportunity to extend themselves to North Travancore. At any rate, I simply bring these points to your notice to show that our forefathers were not remaining idle. They did their best to see that all available lands are being cultivated. Unfortunately, in South Travancore, some of the taluks had the good fortune to disafforest marshy tracts from reserve areas. But my friend has omitted some of the taluks in the south. There are thousands of acres of paddy lands within the reserve forests of South Travancore. Valia ela just adjoining the Pechippara Reservoir is one plot. If Government spend about a few hundred rupees, I am sure an extensive area of about 1000 acres of paddy land could be easily converted into good paddy lands. There are also ever so many valleys within the Kanipattu area in the Neyyattinkara taluk, and also plots within reserve areas of Neduvangad taluk. So, I would strongly request the Government to appoint a committee, and if one has already been appointed, to send reminders to those conveners and Dewan Peishkars of the committee, to disafforest more lands from their areas.

So, I would once more place before you the importance of the resolution in restricting 10 acres and 100 rupees. That is, Mr. Kunjitomman's long experience so far as public affairs and economic condition of Travancore are concerned. And the knowledge of practical aspect of various mattters has induced him to place this stringent condition of 10 acres block and 100 rupees because one will be forced to go into the reserve and disafforest dry areas also. In course of time we can request the Government to see that at least $\frac{1}{3}$ of the whole forest area disafforested be given for cultivation. So, on all these grounds, I strongly and most emphatically support the resolution brought forward by Mr. Kunjitomman.

MR. N. R. KRISHNAN (*Nominated*): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. റിസർവ്വിൽനിന്നും കൃഷിക്കുപയോഗമുള്ള ഭൂമിയൊഴിപ്പിക്കുന്നതിനെ സംബന്ധിച്ച ഒരു കമ്മിറ്റി ഏർപ്പെടുത്തുകയും ആ കമ്മിറ്റി ഒരു റിപ്പോർട്ടസമർപ്പിക്കയും ചെയ്തതായിട്ടു നമുക്കറിയാം. ഒരുകാഷ്കരാജ്യമായ തിരുവിതാംകൂറിൽ കൃഷിസ്ഥലങ്ങൾവർദ്ധിപ്പിക്കേണ്ടതുവളരെ ആവശ്യമാകുന്നു. എന്നാൽ വെറും മരുഭൂമികൾനെൽ കൃഷിക്കായി പതിച്ചുകൊടുത്തതുകൊണ്ടു ഒരു പ്രയോജനവുമില്ല. റിസർവ്വിനകത്തുള്ളതും നെൽ കൃഷിചെയ്താൽ ഫലപ്രയിഷ്ടമായുണ്ടാകുന്നതുമായ സ്ഥലങ്ങളെ ഒഴിപ്പിച്ചു പതിച്ചു കൊടുക്കണം. ഇതുയും പറഞ്ഞുകൊണ്ടു വളരെപരിമിതമായതും, എന്നാൽ അത്യാവശ്യമായതുമായ ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. C. KUIRIAKOSE (*Minachil* cum *Devicolam*) : മി. കുഞ്ഞി തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ ഹൃദയ പൂർവ്വം പിൻതുങ്ങിക്കൊള്ളുന്നു. തിരുവിതാകൂറിലെ നെൽകൃഷിയെ വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒരുപ്രമേയമാണിത്. ഈ പ്രമേയ തത്വ ത്തോട് ഗവണ്മെൻറ് മുമ്പെ തന്നെ യോജിച്ച പല അന്വേഷണങ്ങളും നടത്തിയതായി കാണപ്പെട്ടു. അല്ലെങ്കിൽ വനത്തിലുള്ള നെൽ കൃഷി ക്കുപയോഗമുള്ളതായസ്ഥലങ്ങൾ ഏതാണെന്നു നിർണ്ണയിക്കുന്നതിനു ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുകയൊ വേണ്ട അന്വേഷണം നടത്തുകയൊ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. ഗവണ്മെൻറ് നാട്ടിലെ നെൽ കൃഷി യുടെ അഭിവൃദ്ധിയിൽ ശ്രദ്ധിക്കുന്ന സന്ദർഭത്തിൽ ജനങ്ങൾക്കു കൃഷി യിൽ വലുതായ ആഗ്രഹം ഉണ്ടായിരിക്കെ അതിനുപയോഗമുള്ള ഭൂമി ഗവണ്മെൻറ് വനമാക്കിയിട്ടിരിക്കുന്ന ഭൂ പ്രദേശത്തിൽ സ്ഥിതിചെയ്യുക യും ചെയ്തിരുന്നാൽ റിസർവ്വിൽ നിസ്സാരമായ ഒരുതുകസ്വദേശികളായ ജ നങ്ങൾക്കു കൊടുക്കാമെന്നു പരസ്യം ചെയ്തു അതും പ്രായോഗികമായ നിലയിൽ വരത്തക്കവണ്ണം ചെയ്യാതെ ഗവണ്മെൻറ് അടക്കിവെച്ചിരിക്കു ന്നതു ആക്ഷേപകരമാണ്.

ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള തത്വം നാട്ടിലെ ജനങ്ങളുടെ ആഹാരസാധനം വർദ്ധിപ്പിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണെന്നാ ണ്. ഇതു രാജ്യസ്നേഹികൾ പരിപൂർണ്ണമായി സമ്മതിക്കുന്ന ഒരു വാ സ്തവമത്രേ. ഏറ്റവും ഫലപ്രദമായ ഭൂപ്രദേശം ഗവണ്മെൻറിൻെറ സ്വാധീനത്തിൽ ഉണ്ടായിരിക്കയും അത് കൃഷിചെയ്യുന്നതിനു സന്നദ്ധ ന്മാരായ നാട്ടുകാർ മുന്നിട്ടുവരികയും ചെയ്യുന്ന അവസരത്തിൽ ഗവ ണ്മെൻറിൻെറ നയത്തിനു ഒട്ടും വ്യതിചലനമില്ലാതെ രാജ്യനന്മയ്ക്കായി വനത്തിൽ ഉൾപ്പെട്ട കിടക്കുന്ന നെൽകൃഷിക്കുപയുക്തമായ ഭൂമിയെ അവരെ ഏല്പിച്ചു കൊടുക്കണമെന്നുള്ള തത്വത്തെ ആദരിക്കാതെ ഇരി ക്കാൻ എൻെറ മാന്യസ്നേഹിതന്മാർക്കും ധൈര്യമുണ്ടാകയില്ല. വന ങ്ങളിലുള്ള വിസ്തീർണ്ണമായ പ്രദേശത്തുനിന്നും പത്തു് ഏക്കർ വീതമായി ട്ട് പതിച്ചു കൊടുക്കയാണെങ്കിൽ അത്രയും സ്ഥലം നെൽകൃഷിക്ക് ഉപ യുക്തമാക്കാൻ കഴിയും. പലരും ചേർന്ന് ക്രൂട്ടമായി വനത്തിൻെറ ഉ ള്ളിൽ കടന്നു് കൃഷിചെയ്യുന്നതിന് സൌകര്യമുണ്ടാക്കുകയാണെങ്കിൽ അത് കൃഷിവർദ്ധനവിനു കാരണമായിതീരും. അതുകൊണ്ടു ബ്ലാക്കുക ളായിട്ട തിരിച്ചു് ധാരാളം ആളുകളെ വനത്തിനുള്ളിൽ പ്രവേശിപ്പിക്ക ുന്നതു് നന്നായിരിക്കും. ഇങ്ങിനെ തിരുവിതാംകൂറിലെ വനങ്ങളിൽനെൽ കൃഷിക്ക് ഉപയുക്തങ്ങളായ പ്രദേശങ്ങളെ കൃഷിചെയ്യുന്നതിന് സൌകര്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

പ്പെടുത്തികൊടുക്കുന്നതായാൽ അത് ഒരം നാട്ടിലെ പലതരത്തിലുള്ള കൃഷികളേയും അഭിവൃദ്ധിപ്പെടുത്തുന്നതിന് വളരെ ഉപകരിക്കുന്നതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഒരം പ്രമേയത്തോട് പരിപൂർണ്ണമായി യോജിച്ചു കൊള്ളുന്നു.

MR. V. S. KRISHNA PILLAI (*Tiruvalla*): ഞാൻ മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഹാർട്ടായി പിൻതാങ്ങുന്നു. ഒരം പ്രമേയത്തിന് എത്രത്തോളം സമ്മതം സിദ്ധിച്ചിട്ടുണ്ട് എന്നുള്ളത് ഇതുവരെ സംസാരിച്ചിട്ടുള്ള എന്റെ സ്നേഹിതന്മാരുടെ പ്രസംഗംകൊണ്ട് തന്നെ വെളിവായിട്ടുണ്ട്. എന്ന് മാത്രവുമല്ല അതിന്റെ ഔചിത്യത്തെ ഒരുപ്രസംഗംമൂലം വെളിപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു എനിക്ക് തോന്നുന്നില്ല. നമ്മുടെ നാട്ടിലെ ജനസംഖ്യവർദ്ധിച്ചും ആഹാരസാധനങ്ങൾ കുറഞ്ഞും വന്നിരിക്കുകയാണ്. ഇവിടെയുള്ള ഭൂമികൾക്ക് ആവശ്യമുള്ളിടത്തോളം ആഹാരസാധനങ്ങൾ ഇവിടെത്തന്നെ കൃഷിചെയ്ത് ഉണ്ടാക്കുന്നതിനുതരമില്ലാതെ അന്യനാട്ടിൽനിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. ഒരം സ്ഥിതിക്ക് ഒരം പ്രമേയം ഒരം കൌൺസിൽ ഐകകണ്ഠ്യേന സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. യുവാക്കന്മാരുടെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നതിനെ പരിഹരിക്കുന്നതിന് ഇതൊരു നല്ല മാർഗ്ഗമാണ്. ഈ നാട്ടിൽ കൃഷിക്കുപയോഗമുള്ള സ്ഥലങ്ങളെ റിസർവ് എന്ന് പറഞ്ഞു ഉപയോഗശൂന്യമാക്കി വെറുതെ ഇട്ടിരിക്കുന്നത് വളരെ അനൌചിത്യമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. കൃഷിസ്ഥലങ്ങളെ എല്ലാം റിസർവിൽ നിന്നൊഴിവാക്കിപ്പെടുത്തി മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ കാണിച്ചിരിക്കുന്നപ്രകാരം അതാത് അപേക്ഷകന്മാർക്കു പതിച്ചുകൊടുക്കുന്നപക്ഷം ദാരിദ്ര്യനിവാരണത്തിന് ഇതിൽ കൂടുതലായി ഒരുമാർഗ്ഗം ഇവിടെ ചെയ്യേണ്ടതായിട്ടില്ല. ആ സ്ഥിതിക്ക് ഈ പ്രമേയത്തിന് വലിയതർക്കമൊന്നും വരാനിടയില്ല. ഗവണ്മെൻറിനും പൊതുജനങ്ങൾക്കും നിരുപദ്രവമായ ഒരം പ്രമേയത്തെ ഐകകണ്ഠ്യേന സ്വീകരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): Sir, I also rise to support the resolution brought forward by Mr. Kunjitomman. There is a general complaint that paddy production in this country is not sufficient to meet the requirements of the people. To increase the quantity of production there are two ways, one by intensive cultivation and the other by extensive cultivation. In the case of intensive cultivation there is a stage at which more cannot be produced. That is when diminishing return operates. In the case of paddy fields in Travancore this does not operate, because our people do not scientifically

LIBRARY ARCHIVES Kerala Legislative Assembly

cultivate the land here. I am sorry to say that all the labours of the Agricultural Department have not been in any way successful in increasing the produce of our fields. So, the only method of increasing the production is by extensive cultivation. For this there are vast areas of swampy lands in our forests. That must be disafforested and given to the people. If that is done, not only large unproductive areas can be turned into fertile fields but the revenue of the State can also be increased. About this representations have been made both in this Council as well as in the Assembly. Sir, I think the Government will not have any objection in conceding to the wishes of the people.

MR. D. C. JOSEPH (*Agastisvaram*): In supporting the resolution brought forward by Mr. Kunjitomman I say that the demand before the House is rather imperative. Our food supply is not sufficient; our young men do not get proper work; they are rather without work. The revenue of the State in certain directions is being drained outside by way of petrol, motor-cars and other things. This amount on a rough calculation comes to two and a half lacs of rupees per month. In this way our economic problem is growing keener and keener and the situation is becoming very alarming. Unless some specific step is taken by the Government or by the legislative body, I think we will have to meet a serious problem. Government also think, as I remarked a few days ago, they have their own limitations when young men approach officers for appointment certain officers say, 'unless we kill or murder or death occurs somehow or other to some others we are not able to provide work for you people. We are helpless. What can we do?' In this State population also is increasing steadily and it is the duty of the paternal Government to adopt means to restrict the increased population or adopt some means or other to provide work for the young men. Otherwise, the young men, after spending every pie they have and giving great trouble to their parents, if they are not given sufficient work at least for their maintenance, will be in a deplorable condition

MR. N. K. KRISHNA PILLAI (*Neyyattinkara*): Can restriction of population be effected by giving work to young men?

MR. D. C. JOSEPH (*Agastisvaram*): I am not prepared to answer that question.

DEPUTY PRESIDENT: You are not bound to answer that.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Is production restricted?

MR. D. C. JOSEPH (*Agastisvaram*): I am not going to answer that either.

The resolution before the House is a very important one. When we make a demand and when we find there is an opportunity for a decrease in the revenue likely to occur, it is quite natural that the Government also at times feel reluctant to accede to the wishes and demands made by the people. But when there are sufficient grounds to yield to the wishes of the people it is the duty of the Government to see that public representations are attended to in times of need. I think in this respect the disafforestation of certain swampy areas or other areas available in the midst of forests should be done and they should be registered in the names of the people. Government should come forward and

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. C. Joseph.]

help the people inviting the co-operation of the public. If they are prepared to help the people in these respects, I think employment can be given to a number of young men who are otherwise destined to waste their lives and energy uselessly. The resolution before the House should engage the attention not only of this side of the House but also of the other side and the Government must come for an early solution. I strongly support the resolution.

MR. R. DHANUKOTI PILLAI (*Conservator of Forests*): Sir, from what has been said on the other side it is clear that the members are unanimous on this point that the production of paddy in the State should be increased at any cost. There is absolutely no difference of opinion between the members and the Government on this subject. Sir, the question of disafforestation of swampy areas has come up several times in the Assembly. It was first brought to the notice of the Government in the Tenth Session when one member pointed out that there were extensive areas available for paddy cultivation inside reserves. It was during the war when there was scarcity of rice also. The then Government of Mr. Krishnan Nayar ordered the Forest and the Revenue Departments to enquire into the matter and accordingly an area of about 1,500 acres was disafforested and thrown open for paddy cultivation. That was in 1917 ?

MR. K. P NILAKANTA PILLAI (*Chirayinkil*): In what part of Travancore was it done?

MR. R. DHANUKOTI PILLAI (*Conservator of Forests*): In North and Central Travancore.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know, Sir the total area disafforested ?

MR. R. DHANUKOTI PILLAI (*Conservator of Forests*): I am coming to that point. Subsequently matters did not improve as the war continued. Then the question was again brought to the notice of the Government and during the time of Mr. Raghaviah a conference was convened of the Dewan Peishkars, the Land Revenue Commissioner and the Conservator of Forests. There it was pointed out that there were 2,099 acres of swampy lands in the calculation of which the Forest Department had not taken into consideration small areas of one acre and less. Then the Government ordered the Forest Department to find out such areas and disafforest them. But the then Conservator objected on considerations of Forest policy, that small areas should not be disafforested. At that time the Dewan, Mr. Raghaviah, happened to inspect some of these places and found out that small areas lying between hills may be converted into paddy lands by making improvements. But the Officer in charge of the Forest Department objected to it. Then he referred the matter to the Madras Government for an authoritative opinion whether similar lands were being disafforested and registered in South Canara. It was then thought that the best way would be to appoint Taluk Committees to go into the question and select the lands which may be registered without detriment to forest

LIBRARY ARCHIVES Kerala Legislative Assembly

